പ്രൊഫ. ഇന്ദിരാമേനോൻ അന്തരിച്ചു

ന്യൂഡൽഹി: കർണാടകസംഗീതജ്ഞയും എഴുത്തുകാരിയും അധ്യാപികയുമായ ഇന്ദിരാമേനോൻ (74) അന്തരിച്ചു. അറിയപ്പെടുന്ന നയതന്ത്രജ്ഞനും എഴുത്തുകാരനുമായ എ.കെ.ദാമോദരന്റെ ഡൽഹിയിലുള്ള വസതിയിലായിരുന്നു അന്ത്യം. അവിവാഹിതയാണ്. എ.കെ.ദാമോദരന്റെ ഭാര്യ കല്യാണി ദാമോദരൻ, പ്രമുഖ ചരിത്രകാരി നാരായണിഗുപ്ത എന്നിവർ സഹോദരങ്ങളാണ്. പഴയ മദ്രാസ് സർവകലാശാലയുടെ വൈസ് ചാൻസലറായിരുന്ന സർ കെ.രാമുണ്ണിമേനോന്റെ മകനും ഐ.സി.എസ്.ഉദ്യോഗസ്ഥനുമായിരുന്ന പ്രൊഫ.വി.കെ.ആർ.മേനോന്റെ മകളാണ്. കർണാടകസംഗീതം, ദ്രാവിഡശില്പകല എന്നിവയിൽ അഗാധപാണ്ഡിത്യമുണ്ടായിരുന്ന ഇന്ദിരാമേനോൻ ഡൽഹിയിലെ ജീസസ് ആൻഡ് മേരി കോളേജിൽ എക്കണോമിക്സ് പ്രൊഫസറായിരുന്നു. 1990ൽ സർവീസിൽനിന്ന് വിരമിച്ചശേഷം കർണാടകസംഗീതവും ശില്പകലയും സംബന്ധിച്ച് ആഴത്തിൽ ഗവേഷണം നടത്തി. കർണാടക സംഗീതലോകത്തെ എക്കാലത്തേയും പ്രതിഭകളായ എം.എസ്.സുബ്ബലക്ഷ്മി, ഡി.കെ.പട്ടമ്മാൾ, എം.എൽ.വസന്തകുമാരി, ടി.വൃന്ദ എന്നിവരെക്കുറിച്ച് ഇന്ദിരാമേനോൻ എഴുതിയ 'ദി മദ്രാസ് ക്വാർട്ടറ്റ്' എന്ന പുസ്തകം ശ്രദ്ധേയമാണ്. ദക്ഷിണേന്ത്യൻ സംഗീതലോകത്തെ 20 പ്രമുഖരെക്കുറിച്ച് 'ഗ്രേറ്റ് മാസ്റ്റേഴ്സ് ഓഫ് കർണാടിക് മ്യൂസിക്' എന്ന പുസ്തകവും പിന്നീട് പ്രസിദ്ധീകരിച്ചു. 'എപ്പടി പാടിനാരോ' എന്ന പേരിൽ പി.കെ.ഉത്തമൻ ഈ പുസ്തകം മലയാളത്തിൽ തർജമചെയ്തിട്ടുണ്ട്. ദ്രാവിഡ ശില്പകലയിലും അതീവ പാണ്ഡിത്യമുണ്ടായിരുന്ന ഇന്ദിരാ മേനോന്റെ 'റിഥംസ് ഇൻ സ്റ്റോൺസ്' എന്ന പുസ്തകം പ്രസിദ്ധീകരണത്തിന് പൂർത്തിയായിട്ടുണ്ട്. പർവതാരോഹണത്തിലും അവർ ഏറെ തത്പരയായിരുന്നു. പത്താമത്തെ വയസ്സിൽ പോളിയോരോഗം പിടിപെട്ടതിനെത്തുടർന്ന് വലതുകൈയ്ക്ക് സ്വാധീനം കുറഞ്ഞെങ്കിലും ആ പരാധീനത അതിജീവിച്ചാണ് ഇന്ദിര അക്കാദമിക് മേഖലയിലും പുറത്തും നിറഞ്ഞുനിന്നത്.

ചെമ്പൈ സംഗീതോത്സവത്തിൽ ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ. കെ. രാധാകൃഷ്ണൻ പാടുന്നു

കണ്ണന്റെ തിരുമുമ്പിൽ ഡോ. രാധാകൃഷ്ണന്റെ ഗാനാർച്ചന

ഗുരുവായൂർ: തിരക്കുകൾക്കിടയിലും ഐ.എസ്.ആർ.ഒ. ചെയർമാൻ കണ്ണന്റെ സന്നിധിയിൽ ഗാനാർച്ചനയ്ക്കെത്തി. ഡോ. കെ. രാധാകൃഷ്ണൻ ചെമ്പൈ സംഗീതോത്സവവേദിയിൽ വെള്ളിയാഴ്ച രാത്രിയാണ് ഗാനാർച്ചന നടത്തിയത്. അഠാണരാഗത്തിൽ 'ഏലനീദയറാധു', കല്യാണിരാഗത്തിൽ 'പങ്കജലോചന' എന്നീ കീർത്തനങ്ങളാണ് അദ്ദേഹം ആലപിച്ചത്. ഗാനാർച്ചനയ്ക്കുശേഷം അദ്ദേഹം മറ്റു കച്ചേരികൾ ആസ്വദിക്കാനും സമയം കണ്ടെത്തി.

നെടുമങ്ങാട് ശിവാനന്ദൻ (വയലിൻ), കുഴൽമന്ദം ജി. രാമകൃഷ്ണൻ (മൃദംഗം) എന്നിവരാണ് ഡോ. രാധാകൃഷ്ണന് പക്കമേളം വായിച്ചത്. കഴിഞ്ഞതവണ വന്നപ്പോൾ ഗുരുവായൂരപ്പനെ തൊഴുതുനിൽക്കുമ്പോഴാണ് ഐ.എസ്.ആർ.ഒ. ചെയർമാൻ പദവിയിലേക്ക് നിയമിച്ച വിവരം അദ്ദേഹത്തെ തേടിയെത്തിയത്.

കായംകുളം നിലയത്തിന് വാതകം: കരാർ മൂന്നിന്; വൈദ്യുതിവില കുറയും

വി.എസ്. ശ്യാംലാൽ

തിരുവനന്തപുരം: കായംകുളം താപ വൈദ്യുത നിലയത്തിന് ഇന്ധനമായി ദ്രവീകൃത പ്രകൃതി വാതകം (എൽ.എൻ.ജി) ലഭ്യമാക്കുന്നതിനുള്ള കരാർ ഡിസംബർ മൂന്നിന് ഒപ്പിടും. എൽ.എൻ.ജി. ഉപയോഗിച്ച് ഉത്പാദനം ആരംഭിക്കുന്നതോടെ കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ വില പകുതിയായി കുറയും.

നാഫ്ത ഉപയോഗിച്ച് ഇപ്പോൾ നിലയത്തിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ യൂണിറ്റ് വില 7.50 രൂപയാണ്. 2014-ലാണ് പുതിയ പദ്ധതി പ്രാവർത്തികമാവുക. അതോടെ വില യൂണിറ്റിന് മൂന്നുരൂപ മുതൽ നാലുവരെ ആകും.

കായംകുളം നിലയത്തിന്റെ നടത്തിപ്പുകാരായ നാഷണൽ തെർമൽ പവർ കോർപ്പറേഷനും (എൻ.ടി.പി.സി) എൽ.എൻ.ജി. ദാതാക്കളായ പെട്രോനെറ്റിന്റെ വിതരണക്കാരും തമ്മിലാണ് വ്യാഴാഴ്ച ഡൽഹിയിൽ കരാർ ഒപ്പുവെയ്ക്കുക. പെട്രോനെറ്റിൽ നിന്നു ലഭിക്കുന്ന ഇന്ധനത്തിന്റെ വിതരണം നിർവഹിക്കുന്നത് ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (ഗെയ്ൽ), ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.), ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി.) എന്നീ സ്ഥാപനങ്ങളാണ്.

കായംകുളം നിലയത്തിലെ നിർദിഷ്ട വികസന പദ്ധതി നടപ്പാക്കുന്നതിന് തടസ്സമായി നിന്നിരുന്നത് എൽ.എൻ.ജി. വില സംബന്ധിച്ച തർക്കമായിരുന്നു. പെട്രോനെറ്റ് എൽ.എൻ.ജിയിൽ നിന്ന് വാതകം വാങ്ങുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക കരാർ തയ്യാറായിരുന്നുവെങ്കിലും തങ്ങൾക്ക് ഹാനികരമായ ചില വ്യവസ്ഥകൾ മാറ്റണമെന്ന ആവശ്യം കേരളം മുന്നോട്ടു വെച്ചതിനാൽ തീരുമാനം നീണ്ടു. ഇതേത്തുടർന്ന് കേന്ദ്ര ഊർജ സെക്രട്ടറി കഴിഞ്ഞവാരം പ്രത്യേക ചർച്ച വിളിച്ചുചേർക്കുകയും തർക്കവിഷയങ്ങളിൽ തീരുമാനമുണ്ടാക്കുകയും ചെയ്തു. വാതക വിതരണ കരാർ ഒപ്പിടുന്നതോടെ വികസന പദ്ധതി നടപ്പാക്കുന്നതിനുള്ള എല്ലാ കടമ്പകളും പിന്നിടുകയാണ്. പദ്ധതിയുടെ ടെൻഡർ നടപടികൾ എൻ.ടി.പി.സി. ഒരു മാസത്തിനുള്ളിൽ ആരംഭിക്കും.

അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണയുടെ വില വീപ്പയ്ക്ക് 100 ഡോളറിലധികമാവുന്ന സ്ഥിതി ഉണ്ടായാൽ വൈദ്യുതി ഉത്പാദനച്ചെലവ് ആദ്യം നിർദേശിച്ചിരുന്നതിന് പകരം കുറയ്ക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ കേന്ദ്ര ഊർജമന്ത്രാലയം നേരിട്ട് ഏർപ്പെടുത്തുമെന്ന് ഡൽഹിയിൽ കഴിഞ്ഞവാരം നടന്ന ചർച്ചയിൽ തീരുമാനമായി. ഓസ്ട്രേലിയയിലെ ഗോർഗോണിലെ ഉയർന്ന വിലയ്ക്കായിരിക്കില്ല പെട്രോനെറ്റ് വൈദ്യുതി ഉത്പാദനത്തിനുള്ള എൽ.എൻ.ജി നൽകുകയെന്നും സമ്മതിച്ചു.

ഗുജറാത്തിലെ ദഹിയയിലുള്ള പെട്രോനെറ്റ് ടെർമിനലിൽ കുറഞ്ഞ വിലയ്ക്കുള്ള എൽ.എൻ.ജി. ഖത്തറിൽ നിന്ന് എത്തുന്നുണ്ട്. അതും ഗോർഗോണിൽ നിന്നുള്ള എൽ.എൻ.ജിയും സംയോജിപ്പിച്ച് ന്യായവിലയ്ക്ക് ഇന്ധനം ലഭ്യമാക്കും. അങ്ങനെയാണ് കായംകുളത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ യൂണിറ്റ് വില മൂന്നു മുതൽ നാലു വരെ രൂപ മാത്രമാകുന്നത്.

പെട്രോനെറ്റിൽ നിന്ന് ഇന്ധനം വാങ്ങിയാലും ഇല്ലെങ്കിലും പണം നൽകണമെന്ന വ്യവസ്ഥയും ഒഴിവാക്കി. കായംകുളം നിലയം ഇന്ധനം എടുക്കുന്നില്ലെങ്കിൽ പെട്രോനെറ്റിന്റെ വിതരണക്കാർ അത് മറ്റ് ഉപഭോക്താക്കൾക്കു വിൽക്കാൻ ശ്രമിക്കും.

ആ ശ്രമം വിജയിക്കാതിരുന്നാൽ മാത്രമേ കായംകുളം നിലയം പണം നൽകേണ്ടതുള്ളൂ.

നിലവിൽ കായംകുളം നിലയത്തിന്റെ ശേഷി 360 മെഗാവാട്ട് ആണ്. ഇത് 1950 മെഗാവാട്ട് കൂടി വർദ്ധിപ്പിച്ച് 2014 ആകുമ്പോഴേക്കും ആകെ ശേഷി 2310 മെഗാവാട്ട് ആക്കി ഉയർത്തുകയാണ് ലക്ഷ്യം. ഇതിൽ 500 മെഗാവാട്ടിന് കേരളം അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. തമിഴ്നാടും ആന്ധ്രാപ്രദേശും 1000 മെഗാവാട്ട് വീതവും കർണ്ണാടക 500 മെഗാവാട്ടും ആവശ്യപ്പെട്ടു.

ഈ അവകാശവാദങ്ങൾ പരിഗണിച്ച് കേന്ദ്ര ഊർജ മന്ത്രാലയമാണ് ഓരോ സംസ്ഥാനത്തിനുമുള്ള വൈദ്യുതി വിഹിതം നിശ്ചയിക്കുക. നിലയം സ്ഥിതി ചെയ്യുന്ന സംസ്ഥാനമെന്ന പരിഗണന ഇതിൽ കേരളത്തിനു ലഭിക്കും.

ശരണവഴിയിൽ അറിയാൻ

- സമുദ്രനിരപ്പിൽനിന്ന് 3000 അടി ഉയരെയാണ് ശബരിമല ദേവസ്ഥാനം.
- മല കയറുമ്പോൾ ഉയരുന്ന പൊടിപടലങ്ങൾ ആസ്ത്മ രോഗികൾക്ക് പ്രയാസമുണ്ടാക്കാറുണ്ട്.
- ആസ്ത്മയുള്ളവർ ഇൻഹേലറുകൾ കരുതുന്നതു നല്ലതാണ്.
- വഴിയിൽ ഓക്സിജൻ പാർലറുകളുള്ളത് ആവശ്യമെങ്കിൽ ഉപയോഗിക്കുക.
- അപസ്മാരമുള്ളവർ ഉറക്കമിളപ്പും രാത്രിയിലെ മലകയറ്റവും ഒഴിവാക്കണം.

◆ കാലാവസ്ഥ ◆

കേരളത്തിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിയോടുകൂടി മഴ പെയ്യാം.

◆ ഇന്നറിയാൻ ◆

◆ഒൻപത്മണി മുതൽ മൂന്നുമണി വരെ വെസ്റ്റ്കല്ലായി, പള്ളിക്കണ്ടി, വട്ടാംപൊയിൽ ഭാഗങ്ങളിൽ വൈദ്യുതി മുടങ്ങും.

കണികാപരീക്ഷണം മുന്നേറുന്നു പ്രോട്ടോൺ ധാരകളെ കൂട്ടിയിടിപ്പിച്ചു

ജെയിംസ് കെ. അവറാൻ

ബസൽ (സ്വിറ്റ്സർലൻഡ്): ആകാംക്ഷയും അനിശ്ചിതത്വവും വിരാമമിട്ട് പുനരാരംഭിച്ച കണികാപരീക്ഷണത്തിൽ ആദ്യവിജയം കണ്ടു. ലാർജ് ഹാഡ്രൺ കൊളൈഡറിൽ ഇരുദിശയിലും അയച്ചിരുന്ന പ്രോട്ടോൺ കണങ്ങളെ വ്യാഴാഴ്ച 54000 കോടി ഇലക്ട്രോൺ വോൾട്ട് ഊർജത്തിലേക്ക് ഉയർത്തി പരസ്പരം കൂട്ടിയിടിപ്പിച്ചു. കൂട്ടിയിടിപ്പിക്കൽ വിജയകരമായിരുന്നുവെന്നും ലഭിച്ച ഫലങ്ങൾ പരിശോധിച്ചുവരികയാണെന്നും യൂറോപ്യൻ ആണവ ഗവേഷണ ഏജൻസി സേൺ അറിയിച്ചു. പരീക്ഷണം പുനരാരംഭിച്ച ദിവസം തന്നെ 270 അടി താഴ്ചയിൽ സ്ഥാപിച്ച 27 കിലോമീറ്റർ ദൈർഘ്യം വരുന്ന ലാർജ് ഹാഡ്രൺ കൊളൈഡറിൽ പ്രോട്ടോൺ ധാര പായിച്ചിരുന്നു. ഇവയെ നാലു കൂറ്റൻ ഡിറ്റക്ടറുകളിലേക്ക് കടത്തിവിട്ടാണ് കൂട്ടിയിടിപ്പിച്ചത്. കഴിഞ്ഞ വർഷം പരീക്ഷണം ആരംഭിച്ച് പത്തുദിവസം കഴിഞ്ഞപ്പോഴാണ് സാങ്കേതിക തകരാറുമൂലം നിർത്തിവെക്കേണ്ടിവന്നത്. 14 മാസം നീണ്ട അറ്റകുറ്റപ്പണിക്കുശേഷമാണ് പരീക്ഷണം പുനരാരംഭിച്ചത്.

ക്രിസ്മസോടെ യന്ത്രത്തിൽ എതിർദിശയിൽ പായുന്ന പ്രോട്ടോൺ ധാരകളുടെ ഊർജം 1.2 ട്രില്യൺ ഇലക്ട്രോൺ വോൾട്സിലേക്ക് ഉയർത്തും. ക്രമേണ ഏഴുട്രില്യൺ ഇലക്ട്രോൺ വോൾട്സിൽ പ്രോട്ടോൺ ധാരകളെ കൂട്ടിയിടിപ്പിക്കുകയാണ് സേണിന്റെ ലക്ഷ്യം. ഇത്തരത്തിലുള്ള ആദ്യപരീക്ഷണം അടുത്ത വർഷം തുടങ്ങും. വ്യാഴാഴ്ച കൂട്ടിയിടിപ്പിച്ച പ്രോട്ടോൺ ധാരയിൽ നൂറുകോടി കണികകളാണുണ്ടായിരുന്നത്. എന്നാൽ ഒരു വർഷത്തിനുള്ളിൽ ഇവയുടെ എണ്ണം 3,00,00,000 കോടിയാകും. അടുത്ത വർഷം ആദ്യത്തോടെ പ്രോട്ടോൺ ധാരയുടെ തീവ്രതയും ഊർജവും 1.2 ട്രില്യൺ ഇലക്ട്രോണിക് വോൾട്സിൽനിന്നു ('ടെവ്') 3.5 'ടെവി'ലേക്ക് ഉയർത്തിയായിരിക്കും കൂട്ടിയിടിപ്പിക്കുക. ഈ ഊർജത്തിലുള്ള കൂട്ടിയിടിയിൽനിന്നാണ് സേൺ വൻ കണ്ടെത്തലുകൾ പ്രതീക്ഷിക്കുന്നത്.

1370 കോടി വർഷങ്ങൾക്കുമുമ്പ് നടന്ന മഹാവിസ്ഫോടനം ഒരു പരീക്ഷണശാലയിൽ സൂക്ഷ്മതലത്തിൽ പുനരാവിഷ്കരിക്കാൻ 2011വരെ കാത്തിരിക്കേണ്ടിവരും. പരീക്ഷണത്തിൽ നിന്ന് ലഭിക്കുന്ന ഭീമമായ വിവരങ്ങൾ ഒരുലക്ഷത്തിലധികം കമ്പ്യൂട്ടറുകളിൽ ശേഖരിച്ച് വിശകലനം ചെയ്യേണ്ടിവരുന്നതിനാലാണ് ഈ കാലതാമസം. ദ്രവ്യത്തിനു പിണ്ഡം നൽകുന്നതായി കരുതപ്പെടുന്ന ഹിഗ്സ് ബോസോൺ അഥവാ ദൈവത്തിന്റെ കണികയെക്കുറിച്ചുള്ള വിവരങ്ങളായിരിക്കും പരീക്ഷണങ്ങളിൽനിന്ന് ആദ്യം ലഭിക്കുകയെന്ന് സേൺ അധികൃതർ കരുതുന്നു. ഇതു കണ്ടെത്തിക്കഴിഞ്ഞാൽ ഗുരുത്വാകർഷണത്തെക്കുറിച്ചുള്ള വിലപ്പെട്ട അറിവുകൾ ലഭിക്കും.

മുൻ ചീഫ് സെക്രട്ടറി കെ.വി.രബീന്ദ്രൻനായർ അന്തരിച്ചു



തിരുവനന്തപുരം: മുൻ ചീഫ് സെക്രട്ടറിയും പൊതുധനകാര്യ വിദഗ്ധനുമായിരുന്ന കെ.വി.രബീന്ദ്രൻനായർ (74) അന്തരിച്ചു.

ജവഹർ നഗർ എൻ-2 വേലായുധത്തിൽ വെള്ളിയാഴ്ച രാവിലെയായിരുന്നു അന്ത്യം.

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ സുപ്രധാന പദവികൾ വഹിച്ച രബീന്ദ്രൻനായർ 1935ൽ മാവേലിക്കര അറുന്നൂറ്റി മംഗലത്ത് ജനിച്ചു. കോയിപ്പള്ളിൽ അധ്യാപകനായിരുന്ന വേലായുധൻപിള്ളയുടെ മകനാണ്. മാവേലിക്കര ഹൈസ്കൂളിലും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലുമായിരുന്നു വിദ്യാഭ്യാസം. ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടിയശേഷം സംസ്കൃത കോളേജിൽ അധ്യാപകനായിരുന്നു. 1959 ൽ ഐ.എ.എസ്. ലഭിച്ചു. ഇന്ത്യയിൽ ഏറ്റവും പ്രായംകുറഞ്ഞ ധനകാര്യ സെക്രട്ടറിയായിരുന്നു.

പാലക്കാട് ജില്ലാ കളക്ടർ, വ്യവസായ വകുപ്പ് ഡയറക്ടർ, ഫുഡ്കോർപ്പറേഷൻ റീജണൽ മാനേജർ, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി, ചീഫ് സെക്രട്ടറി, ആസൂത്രണ കമ്മീഷൻ സ്പെഷൽ സെക്രട്ടറി, ഒമ്പതാം ധനകാര്യ കമ്മീഷൻ മെമ്പർസെക്രട്ടറി, കേന്ദ്ര സർക്കാരിന്റെ ബജറ്റ് വിഭാഗത്തിൽ അഡീഷണൽ സെക്രട്ടറി, സംസ്ഥാന ധനകാര്യ കമ്മീഷൻ ചെയർമാൻ, ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.

പ്രധാനമന്ത്രി മൻമോഹൻസിങ് ധനമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ധനവിനിയോഗ സെക്രട്ടറിയുമായിരുന്നു. സർവകലാശാല ഫിനാൻസ് കമ്മീഷൻ ചെയർമാൻ എന്ന പദവിയാണ് ഏറ്റവും ഒടുവിൽ വഹിച്ചത്. യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പലും പി.എസ്.സി. അംഗവുമായിരുന്ന കോട്ടയം നട്ടാശ്ശേരിയിൽ പരേതനായ ഇ.പി.നാരായണപിള്ളയുടെ മകൾ നിർമ്മലയാണ് ഭാര്യ. മക്കൾ: ഹരിനായർ (ചാർട്ടേഡ് അക്കൗണ്ടന്റ്, ബാംഗ്ലൂർ), സുജാത (അധ്യാപിക, ഇന്റർനാഷണൽ സ്കൂൾ, തിരുവനന്തപുരം), മരുമകൾ: സുനിത (ആർക്കിടെക്ട്, ബാംഗ്ലൂർ),

കാർബൈഡ് ഫാക്ടറി തുറക്കില്ല; ദുരിതബാധിതരോടുള്ള 'വഞ്ചന' തുടരുന്നു

വി. രാജഗോപാൽ

ഇരുപത്തിയഞ്ചാം വാർഷികത്തിനുള്ള ഒരുക്കം: ഭോപ്പാൽ കാർബൈഡ് ഫാക്ടറിക്ക് മുന്നിലെ ചുവരെഴുത്ത്

ഭോപ്പാൽ: ഇഞ്ചിഞ്ചായി മരിക്കുന്ന വിഷവാതകദുരിതബാധിതരെ ബലിയാടുകളാക്കി ഭരണകർത്താക്കളുടെ വഞ്ചനയും കള്ളക്കളിയും കാൽനൂറ്റാണ്ട് തികയുമ്പോഴും തുടരുന്നു. മധ്യപ്രദേശ് ഹൈക്കോടതി അനുവദിച്ചിട്ടും ദുരന്തത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് യൂണിയൻ കാർബൈഡ് ഫാക്ടറി പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാനുള്ള തീരുമാനം ബി.ജെ.പി. നേതൃത്വത്തിലുള്ള സംസ്ഥാനസർക്കാർ അവസാനനിമിഷം ഉപേക്ഷിച്ചത് നിക്ഷിപ്തതാത്പര്യങ്ങളുടെ പേരിലാണെന്ന് ആരോപണമുയരുന്നു.



അടുത്ത മാസം നടക്കാനിരിക്കുന്ന തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടങ്ങളുടെ പേരിലാണ് തീരുമാനമെന്നാണ് സർക്കാർ വിശദീകരിക്കുന്നത്. ഫാക്ടറിവളപ്പിനുള്ളിൽ മാരകമായ ഖരമാലിന്യങ്ങളുണ്ടെന്നും ഇല്ലെന്നുമുള്ള തർക്കമാണ് വിവാദമുയർത്തുന്നത്. യൂണിയൻ കാർബൈഡ് ഏറ്റെടുത്ത ഡൗകെമിക്കൽസിന്റെ ചുവടുപിടിച്ച് ഫാക്ടറിപരിസരം മാലിന്യമുക്തമാണെന്ന് സംസ്ഥാനസർക്കാർ പറയുമ്പോൾ അത് ശരിയല്ലെന്നാണ് വേണ്ടത്ര തെളിവുകളോടെ ദുരിതബാധിതരെ സഹായിക്കുന്ന സംഘടനകൾ ചൂണ്ടിക്കാട്ടുന്നത്. മാലിന്യങ്ങളില്ലെന്ന് ഉറപ്പുവരുത്താനാണ് ഹൈക്കോടതിയുടെ അനുമതിക്ക് വിധേയമായി ഇരുപത്തിയഞ്ചാം വാർഷികവേളയിൽ ഫാക്ടറി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുമെന്ന് നവംബർ ആദ്യം സർക്കാർ പ്രഖ്യാപിച്ചിരുന്നത്. ഹൈക്കോടതിയാകട്ടെ ചില നിബന്ധനകൾക്ക്വിധേയമായി അനുമതി നൽകുകയും ചെയ്തു. അപ്പോഴാണ് സർക്കാർ വാക്കുമാറ്റിപ്പറയുന്നത്. ''തിരഞ്ഞെടുപ്പ് ചട്ടങ്ങൾ ലംഘിക്കാൻ ഞങ്ങളില്ല. തിരഞ്ഞെടുപ്പ് കഴിഞ്ഞ് ജനവരിയിൽ ഫാക്ടറി തുറന്നുകൊടുക്കും''- ദുരിതാശ്വാസവകുപ്പിന്റെ ചുമതലയുള്ള മുൻ മുഖ്യമന്ത്രികൂടിയായ ബാബുലാൽ ഗോർ പറഞ്ഞു. ഫാക്ടറി പരിസരം സുരക്ഷിതമാണെന്നവകാശപ്പെട്ട് പ്രഖ്യാപനം വരുമ്പോൾത്തന്നെ തിരഞ്ഞെടുപ്പിന്റെ കാര്യം സർക്കാറിനറിയാമായിരുന്നെന്നാണ് ഭോപ്പാൽ ഗ്യാസ് പീഡിത് സംഘർഷ് സമിതിക്കാർ പറയുന്നത്. കണ്ണടച്ചിരുട്ടാക്കുന്ന ശ്രമത്തിലൂടെ ദുരിതബാധിതരെയും ജനങ്ങളെയും കുരങ്ങുകളിപ്പിക്കുകയാണ്. അമേരിക്കൻ ബഹുരാഷ്ട്ര കുത്തകക്കമ്പനിയായ ഡൗകെമിക്കൽസിനെ സഹായിക്കാനുള്ള ഗൂഢശ്രമമാണ് ഇതിനുപിന്നിലെന്ന് ഭോപ്പാൽ ഗ്യാസ് പീഡിത് മഹിളാ ഉദ്യോഗ് സംഘടനാ നേതാവ് അബ്ദുൾ ജബ്ബാർ ആരോപിച്ചു. ദേശീയ അന്തർദേശീയ മാധ്യമങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുകയാണ് സർക്കാറിന്റെ മറ്റൊരുദ്ദേശ്യമെന്നും ജബ്ബാർ പറഞ്ഞു.

യുവതിയുടെ ദുരൂഹമരണം: ഭർത്താവ് അറസ്റ്റിൽ

അമ്പലവയൽ: വയനാട് ജില്ലയിലെ തോമാട്ടുചാൽ ആദിവാസികോളനിയിൽ യുവതിയുടെ മരണവുമായി ബന്ധപ്പെട്ട് ഭർത്താവ് രാഘവൻ (33) അറസ്റ്റിലായി.

നവംബർ 19നാണ് കോളനിയിലെ ചന്ദ്രിക (22)യുടെ മൃതദേഹം വീട്ടിനടുത്ത പേരമരത്തിൽ തൂങ്ങിയ നിലയിൽ കണ്ടെത്തിയത്. മരണത്തിൽ സംശയം തോന്നിയ ബന്ധുക്കൾ പോലീസിൽ പരാതിനൽകി.

തുടർന്ന് ബത്തേരി സി.ഐ. ഷാജി വർഗീസിന്റെ നേതൃത്വത്തിലുള്ള അന്വേഷണത്തിലാണ് കൊലപാതകമാണെന്ന് തെളിയുന്നത്.

ചന്ദ്രികയെ ക്രൂരമായി മർദിച്ച് കൊന്നശേഷം പേരമരത്തിൽ കെട്ടിത്തൂക്കുകയായിരുന്നെന്ന് പ്രതി കുറ്റം സമ്മതിച്ചതായി പോലീസ് പറഞ്ഞു.

രാഘവനെ വടുവൻചാലിൽവെച്ചാണ് അറസ്റ്റു ചെയ്തത്. ഇയാളെ കോടതി പത്തുദിവസത്തേക്ക് റിമാൻഡ് ചെയ്തു.

ടി.കെ. ഹംസ ചെയർമാനായി പ്രവാസി ക്ഷേമനിധി ബോർഡ് ഉടൻ

ആർ. ഹരികുമാർ

ഒരുവർഷം നീണ്ട വടംവലിക്ക് വിരാമം

തിരുവനന്തപുരം: സി.പി.എം. ഔദ്യോഗിക നേതൃത്വവും മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനും തമ്മിൽ നടന്ന ഒരുവർഷം നീണ്ട വടംവലിക്കൊടുവിൽ പ്രവാസി ക്ഷേമനിധി ബോർഡ് നിലവിൽ വരുന്നു. സി.പി.എം. നേതാവും മുൻ മന്ത്രിയുമായ ടി.കെ. ഹംസയായിരിക്കും പ്രവാസി ക്ഷേമനിധി ബോർഡ് ചെയർമാൻ. സി.പി.എം. വിഭാഗീയതയുടെ പ്രാരംഭ ഘട്ടങ്ങളിൽ വി.എസ്. അച്യുതാനന്ദനൊപ്പം ശക്തമായി നിലയുറപ്പിച്ചയാളാണ് ടി.കെ. ഹംസ. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ ചുമതലയിലുള്ള 'നോർക്ക' വകുപ്പിന്റെ കീഴിലാണ് പ്രവാസി ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുക. ബോർഡ് രൂപവത്കരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് തിങ്കളാഴ്ച പുറത്തിറങ്ങുമെന്നാണ് സൂചന.

സംസ്ഥാന സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളിലൊന്നായാണ് പ്രവാസി ക്ഷേമനിധി ബോർഡിനെ ഇടതുമുന്നണി നേതൃത്വം ഉയർത്തിക്കാട്ടിയിരുന്നത്. കഴിഞ്ഞ ഡിസംബറിലാണ് കേരള നിയമസഭ പ്രവാസി ക്ഷേമനിധി നിയമം പാസ്സാക്കിയത്. ഇതിനുശേഷം ലോക്സഭാ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നത് മുന്നിൽ കണ്ട് കഴിഞ്ഞ ഫിബ്രവരി 28 ന് തൃശ്ശൂരിൽ പ്രവാസി ക്ഷേമനിധി ബോർഡിന്റെ ഉദ്ഘാടനം തിരക്കിട്ട് നടത്തിയിരുന്നു. പിന്നെയും ഒമ്പതുമാസം പിന്നിട്ടതിനുശേഷമാണ് ബോർഡ് നിലവിൽ വരുന്നത്. ബോർഡ് ചെയർമാനും 15 അംഗ ഡയറക്ടർബോർഡുമാണ് പ്രവാസി ക്ഷേമനിധി ബോർഡിന്റെ ഭരണസമിതി. ഡയറക്ടർ ബോർഡ് അംഗങ്ങളിൽ ഏഴുപേർ ഉദ്യോഗസ്ഥരും എട്ടുപേർ സർക്കാർ നാമനിർദേശം ചെയ്യുന്നവരുമാണ്. നാമനിർദേശം ചെയ്യപ്പെടുന്ന അംഗങ്ങളിൽ ഭൂരിപക്ഷവും സി.പി.എം. അനുകൂലികളായ പ്രവാസി സംഘടനാ പ്രതിനിധികളാണെന്നാണ് സൂചന. ഘടകകക്ഷി പ്രതിനിധിയെന്ന നിലയിൽ സി.പി.ഐ. നേതാവ് സി.എൻ. ചന്ദ്രൻ ഡയറക്ടർബോർഡിൽ അംഗമാകും. എൽ.ഡി.എഫിലെ മറ്റ് ഘടകകക്ഷികൾക്ക് ബോർഡിൽ പ്രാതിനിധ്യം ലഭിക്കാൻ സാധ്യത കുറവാണ്. 18 വയസ്സിനും 55 വയസ്സിനും ഇടയിലുള്ള പ്രവാസി കേരളീയരെയാണ് ക്ഷേമനിധി ബോർഡിൽ അംഗമാക്കുന്നത്. നിലവിൽ വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്നവർ, വിദേശങ്ങളിൽ ജോലിചെയ്തശേഷം തിരിച്ച് കേരളത്തിലെത്തി സ്ഥിരതാമസമാക്കിയവർ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ഇപ്പോൾ ജോലിചെയ്യുന്ന മലയാളികൾ എന്നിവരെയാണ് മൂന്ന് വിഭാഗങ്ങളായി തരംതിരിച്ച് ബോർഡിൽ അംഗങ്ങളാക്കുക.

ഈ മൂന്ന് വിഭാഗങ്ങളിലായി മൊത്തം 40 ലക്ഷം മലയാളികൾ ഉണ്ടാകുമെന്നാണ് നോർക്ക വകുപ്പിന്റെ കണക്കുകൂട്ടൽ. എന്നാൽ ഇതുവരെ ഈ മൂന്ന് വിഭാഗങ്ങളിലും കൂടി 20000 പേർ മാത്രമാണ് പ്രവാസി ക്ഷേമനിധി ബോർഡിൽ അംഗമായിരിക്കുന്നത്. ബോർഡ് നിലവിൽ വന്ന് പ്രവർത്തനം തുടങ്ങുന്നതോടെ വൻതോതിൽ പ്രവാസികൾ ബോർഡിൽ അംഗമാകുമെന്നാണ് അധികാരികളുടെ പ്രതീക്ഷ. ബോർഡ് ചെയർമാനും ഡയറക്ടർ ബോർഡും ചുമതലയേറ്റെടുത്തതിനുശേഷം ക്ഷേമനിധി ബോർഡിന് ജില്ലാതലങ്ങളിൽ ഓഫീസുകൾ തുറക്കും. ജില്ലാതലങ്ങളിൽ ഓഫീസുകൾ നിലവിൽ വരുന്നതോടെ അംഗത്വ രജിസ്ട്രേഷൻ ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ വിദേശത്ത് ജോലിചെയ്യുന്നവർക്ക് 1000 രൂപയും മറ്റ് രണ്ട് വിഭാഗങ്ങളിൽപ്പെട്ടവർക്ക് 500 രൂപയും പ്രതിമാസ പെൻഷനാണ് ബോർഡ് വിഭാവനം ചെയ്യുന്നത്. ഇപ്പോൾ വിദേശങ്ങളിൽ കഴിയുന്നവർക്ക് പ്രതിമാസം 300 രൂപയും മറ്റ് രണ്ട് വിഭാഗങ്ങളിൽപ്പെട്ടവർക്ക് 100 രൂപയുമാണ് പ്രതിമാസ അംഗത്വവരിസംഖ്യ.

വിമാനസർവീസുകൾ നിർത്തലാക്കിയ തീരുമാനം പുനഃപരിശോധിക്കും- ഭരത്ഭൂഷൺ

കോഴിക്കോട്: കോഴിക്കോട് വിമാനത്താവളത്തിൽനിന്നും ചെന്നൈ വഴി മസ്കറ്റിലേക്കും ദോഹ, ബഹ്റൈനിലേക്കും എയറിന്ത്യ നടത്തിവന്നിരുന്ന സർവീസുകൾ നിർത്തലാക്കിയ തീരുമാനം പുനഃപരിശോധിക്കുമെന്ന് വ്യോമയാന വകുപ്പ് ജോയന്റ് സെക്രട്ടറി ഇ.കെ. ഭരത്ഭൂഷൺ 'മാതൃഭൂമി'യോട് പറഞ്ഞു.

ലാഭകരമല്ലാത്തതിനാലാണ് സർവീസുകൾ നിർത്തലാക്കിയത്. എന്നാൽ ചെന്നൈ സർവീസും ഗൾഫിലേക്കുള്ള സർവീസും മുടങ്ങിയതിലുള്ള ജനവികാരം കണക്കിലെടുത്താണ് തീരുമാനം പുനഃപരിശോധിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

വിമാനത്താവള വികസനത്തിനാവശ്യമായ 137 ഏക്കർ ഭൂമി ഏറ്റെടുത്തു നൽകിയാലുടൻ പുതിയ ടെർമിനലിന്റെ നിർമാണം തുടങ്ങും. ഇക്കാര്യത്തിൽ ഒരു ദിവസത്തെ കാലതാമസം പോലുമുണ്ടാകില്ല. മഴക്കാലത്തും മഞ്ഞുകാലത്തും റൺവേ കാണാതെ വിമാനം ഇറക്കാൻ കഴിയാത്ത പ്രശ്നത്തിന് അടുത്ത മാർച്ചിനകം പരിഹാരം കാണും. പുതിയ ഐ.എൽ.എസ്. സംവിധാനം മാർച്ചിനകം സ്ഥാപിക്കുമെന്നും അദ്ദേഹം പറഞ്ഞു. ആധുനിക റഡാർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യവും പുനഃപരിശോധിക്കും. മൂന്നു മാസത്തിനകം പുതിയ കൺവെയർ ബെൽറ്റും സ്ഥാപിക്കും.

ഇമിഗ്രേഷൻ കൗണ്ടറിലെ തിരക്കാണ് മറ്റൊരു പ്രശ്നം. നിലവിൽ 24 കൗണ്ടറുകളാണുള്ളതെങ്കിലും എസ്.ഐ.മാരുടെ കുറവുമൂലം പലപ്പോഴും പകുതിയേ പ്രവർത്തിക്കാനാകുന്നുള്ളൂവെന്നതാണ് തിരക്കിന് കാരണം. കൂടുതൽ എസ്.ഐ.മാരെ അനുവദിച്ചാൽ കൂടുതൽ കൗണ്ടർ തുറക്കാൻ തയ്യാറാണെന്നും അദ്ദേഹം വ്യക്തമാക്കി. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരും.

കോഴിക്കോട് വിമാനത്താവളത്തിൽ എത്തിയ ഇ.കെ. ഭരത്ഭൂഷണ് കാലിക്കറ്റ് വിമാനത്താവള കമ്മിറ്റി ചെയർമാൻ പി.വി. ചന്ദ്രൻ നിവേദനം നൽകുന്നു. മലബാർ ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് പി.വി. ഗംഗാധരൻ, ജില്ലാകളക്ടർ എം.സി. മോഹൻദാസ്, പി. സുന്ദർദാസ് തുടങ്ങിയവർ സമീപം.

കോഴിക്കോട് വിമാനത്താവള വികസനത്തിന് മുന്തിയ പരിഗണന

കരിപ്പൂർ: കോഴിക്കോട് വിമാനത്താവളവികസനത്തിന് വ്യോമയാനവകുപ്പ് മുന്തിയ പരിഗണന നൽകുമെന്ന് വ്യോമയാനവകുപ്പ് ജോയന്റ് സെക്രട്ടറിയും സാമ്പത്തിക ഉപദേഷ്ടാവുമായ ഇ.കെ. ഭരത്ഭൂഷൺ. കാലിക്കറ്റ് വിമാനത്താവള കമ്മിറ്റി ചെയർമാൻ പി.വി. ചന്ദ്രൻ, മലബാർ ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് പി.വി. ഗംഗാധരൻ, ചേംബർ ഓഫ് കൊമേഴ്സ് പ്രതിനിധികൾ എന്നിവരുമായി വിമാനത്താവളത്തിൽ നടത്തിയ ചർച്ചയിലാണ് അദ്ദേഹം ഈ ഉറപ്പ് നൽകിയത്.

വ്യോമയാനവകുപ്പിന്റെ സാമ്പത്തികപ്രയാസങ്ങൾ കോഴിക്കോട് വിമാനത്താവള വികസനത്തെ ബാധിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലടക്കം കൂട്ടായ പരിശ്രമത്തിലൂടെ വികസനം ഉണ്ടാക്കണമെന്ന് കാലിക്കറ്റ് വിമാനത്താവള കമ്മിറ്റി ചെയർമാൻ പി.വി. ചന്ദ്രൻ ആവശ്യപ്പെട്ടു. കോഴിക്കോട് വിമാനത്താവളത്തിൽ നിന്നുള്ള ഏതാനും സർവീസുകൾ നിർത്തിയ കാര്യം മലബാർ ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് പി.വി. ഗംഗാധരൻ ചർച്ചയിൽ ഉന്നയിച്ചു. കോഴിക്കോടിനെ രണ്ടാംതരം വിമാനത്താവളമാക്കി മാറ്റാൻ ശ്രമം നടക്കുന്നതായി ജനത്തിന് ആശങ്കയുണ്ടെന്നും പരിഹാരനടപടി വേണമെന്നും അദ്ദേഹം പറഞ്ഞു. വിമാനത്താവള വികസനത്തിനുള്ള നടപടികൾ വേഗത്തിലാക്കണം. വിമാനത്താവളത്തിലെ ജോലികളിൽ നാട്ടുകാർക്ക് മുൻഗണന നൽകണമെന്നും പി.വി. ഗംഗാധരൻ ആവശ്യപ്പെട്ടു. കോഴിക്കോട് വിമാനത്താവള വികസനത്തിന് 137 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഉടൻ പൂർത്തിയാക്കുമെന്ന് മലപ്പുറം ജില്ലാകളക്ടർ എം.സി. മോഹൻദാസ് ചർച്ചയിൽ അറിയിച്ചു. കണ്ണൂർ വിമാനത്താവള സ്ഥലമെടുപ്പ് പാക്കേജ് പോലെ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് സ്ഥലം നൽകും. 176 കുടുംബങ്ങളെയാണ് കുടിയൊഴിപ്പിക്കേണ്ടിവരിക-അദ്ദേഹം പറഞ്ഞു. ഫെഡറേഷൻ ഓഫ് നോർത്ത് കേരള ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി വൈസ് ചെയർമാൻ സി.ഇ. ചാക്കുണ്ണി, മലബാർ ചേംബർ ഓഫ് കൊമേഴ്സ് മുൻ പ്രസിഡന്റ് പി. സുന്ദർദാസ്, കാലിക്കറ്റ് ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് എം. ശ്രീറാം, ജോയന്റ് സെക്രട്ടറി ടി.പി. വാസു, വിമാനത്താവള ഡയറക്ടർ സി. ചന്ദ്രമൗലി, എയർ ഇന്ത്യ എക്സിക്യൂട്ടീവ് സുനിൽകൃഷ്ണ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

ഇ.കെ. ഭരത്ഭൂഷണ് കാലിക്കറ്റ് വിമാനത്താവള കമ്മിറ്റി ചെയർമാൻ പി.വി. ചന്ദ്രൻ നിവേദനം നൽകി. ഡൽഹിയിൽനിന്ന് ഉച്ചയോടെ വിമാനത്താവളത്തിൽ എത്തിയ ഭരത്ഭൂഷണെ പി.വി. ചന്ദ്രൻ, പി.വി. ഗംഗാധരൻ, സി. ചന്ദ്രമൗലി തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

*സൗജന്യ കമ്പ്യൂട്ടർ പരിശീലനം

പഠന ശേഷം കേന്ദ്ര ഗവൺമെന്റ് സർട്ടിഫിക്കറ്റും ജോലിയും നേടാം

ജവഹർലാൽ നെഹ്റു എഡ്യൂക്കേഷൻ & ചാരിറ്റബിൾ ഫൗണ്ടേഷൻ

AN ISO 9001: 2008 CERTIFIED VOCATIONAL TRAINING ORGANISATION
Reg. IV/ 279, UNDER GOVT. OF KERALA.

ISO 9001 : 2008 CERTIFIED

സമഗ്രമായ തൊഴിൽ വികസനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന നാഷണൽ ഐ.ടി. ഏജൻസിയായ അന്താരാഷ്ട്ര നിലവാരമുള്ള ജവഹർലാൽ നെഹ്റു എഡ്യൂക്കേഷൻ & ചാരിറ്റബിൾ ഫൗണ്ടേഷൻ ഓരോ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ സമൂഹത്തിലെ എല്ലാ വിഭാഗത്തിലുംപെട്ട വിദ്യാർത്ഥികൾക്കായി സൗജന്യ തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും തൊഴിലവസരങ്ങളും നൽകുന്നു. ഈ കോഴ്സിൽ ചേരുവാൻ കമ്പ്യൂട്ടറിൽ മുൻപരിചയം ആവശ്യമില്ല. *2 ആഴ്ചക്കകം അപേക്ഷിക്കുന്നവർക്ക് കോഴ്സ് ഫീസ് തികച്ചും സൗജന്യമായിരിക്കും. (Registration Fee, Placement Registration fee & Exam Fee should be paid).

പ്രവേശനം നൽകുന്ന കോഴ്സുകൾ:

ANIMATOR ആകാൻ Diploma In Graphic Designing And Animation
ഇന്ത്യൻ & ഫോറിൻ കമ്പനികളിൽ ACCOUNTANT ആകാൻ Diploma In Computerised Professional Accounting (DCPA)
ഇന്ത്യൻ & ഫോറിൻ കമ്പനികളിൽ OFFICE SECRETARY / PRO ആകാൻ Certificate Course in Office Secretary / PRO
DTP OPERATOR / OFFICE ADMINISTRATOR/ GRAPHIC DESIGNER ആകാൻ Diploma in Office Automation & Dtp
COMPUTER TEACHER/ PROGRAMMER ആകാൻ Computer Teachers Training Course (CTTC)

REGULAR/HOLIDAY BATCHES | 100% PLACEMENT ASSISTANCE | LAST DATE OF APPLICATION: 14-12-09

നിങ്ങൾ ചെയ്യേണ്ടത്: (1)നിങ്ങളുടെ പേര് (2)രക്ഷിതാവിന്റെ പേര് (3)പൂർണ്ണമായ മേൽവിലാസം (മറുപടി ലഭിക്കുന്നതിനാവശ്യമായ പൂർണ്ണമേൽവിലാസം നിർബന്ധമായും വെക്കേണ്ടതാണ്) (4)പോസ്റ്റോഫീസ് (5)പിൻകോഡ് (6)ജില്ല (7)മൊബൈൽ നമ്പർ (8)ലാന്റ് നമ്പർ (with STD Code) (9)കോഴ്സ് (10)പഠിക്കുവാനുദ്ദേശിക്കുന്ന സ്ഥലം എന്നിവ ക്രമത്തിൽ ഓരോ സ്പെയ്സ് ഇടവിട്ട് ഏതെങ്കിലും ഫോണിൽ നിന്ന് 9995032123 എന്ന നമ്പറിലേക്ക് മാത്രം SMS മെസ്സേജ് അയക്കുക. അല്ലെങ്കിൽ മുകളിൽ കൊടുത്ത വിവരങ്ങൾ ഒരു വെള്ളക്കടലാസിൽ അപേക്ഷാഫോം മാതൃകയിൽ എഴുതി തയ്യാറാക്കി മതിയായ സ്റ്റാമ്പൊട്ടിച്ച മറുപടി കവർ സഹിതം 'കോഴ്സ് ഡയറക്ടർ, ജവഹർലാൽ നെഹ്റു എഡ്യുക്കേഷൻ & ചാരിറ്റബിൾ ഫൗണ്ടേഷൻ, കാവുങ്ങൽ കോംപ്ലക്സ്, പി.ഒ. വലപ്പാട്, തൃപ്രയാർ, തൃശ്ശൂർ' എന്ന വിലാസത്തിൽ അയക്കുക.

പരിശീലന കേന്ദ്രങ്ങൾ: കോഴിക്കോട് ജില്ല: കോഴിക്കോട് ടൗൺ, നാദാപുരം, കുറ്റ്യാടി, ബാലുശ്ശേരി, താമരശ്ശേരി, മുക്കം, നരിക്കുനി, രാമനാട്ടുകര, കൊയിലാണ്ടി, കുന്നമംഗലം, അത്തോളി, പയ്യോളി, പേരാമ്പ്ര, വടകര. വയനാട് ജില്ല: മാനന്തവാടി, സുൽത്താൻ ബത്തേരി, കൽപ്പറ്റ.

Help Line: 9539430897, 9539430898